AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 295/2018 29.12.2018

# സംരംഭങ്ങൾ തുടങ്ങുവാനുള്ള വാതായനമായി കാർഷിക മേഖലയെ മാറ്റുക വൈഗയുടെ ലക്ഷ്യം – കൃഷിമന്ത്രി

കർഷകർക്കും, യുവകർഷകർക്കും, പുതു തലമുറയ്ക്കും സംരംഭങ്ങൾ തുടങ്ങുവാനുള്ള വേദിയായി കാർഷിക മേഖലയെ മാറ്റുകയാണ് വൈഗയുടെ ലക്ഷ്യമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുന്ന കാർഷികോത്പന്ന സംസ്ക്കരണം മൂല്യവർദ്ധനവ് അടിസ്ഥാനമാക്കിയുള്ള വൈഗ ശില്പശാലയുടെ വേദിയിൽ ചേർന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് നിലവിലുള്ള കാർഷികോത്പാദന കമ്പനികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പുതുതായി 50 കാർഷികോത്പാദന കമ്പനികൾ രൂപീകരിക്കുവാനും വകുപ്പ് തീരുമാനിച്ചിട്ടുള്ളതായി മന്ത്രി അഭിപ്രായപ്പെട്ടു. ഭൗമശാസ്ത്രസൂചിക ലഭിച്ചിട്ടുള്ള ഉത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി പ്രത്യേകം ഉത്പാദക സംഘങ്ങളെ രൂപീകരിക്കും.

വാഴഗവേഷണ കേന്ദ്രത്തിൽ നൂറോളം സാങ്കേതിക വിദ്യകൾ കർഷകർക്കും സംരംഭകർക്ക് കൈമാറുന്നതിനായി സജ്ജമായിട്ടുണ്ട്. വാഴ പ്പഴത്തിൽ നിന്നും വൈൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. കയറ്റുമതിയ്ക്ക് മുൻതൂക്കം നൽകിയിട്ടുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ കാപ്പി ഇടനിലക്കാരില്ലാതെ ഇറ്റലിക്ക് കയറ്റുമതി ചെയ്യാൻ ഉടൻ ധാരണയാകും. ഏകദേശം 20 യുവസംരംഭകരാണ് വൈഗയിൽ വിവിധ സാങ്കേതിക വിദ്യകളുപയോഗിച്ച് സംരംഭങ്ങൾ തുടങ്ങുവാൻ തയ്യാറായിട്ടുള്ളത്. വൈഗയിൽ പങ്കെടുത്ത മറ്റു സംസ്ഥാനങ്ങളുമായി ഇടനിലക്കാരില്ലാതെ തന്നെ നേരിട്ട് കാർഷികോത്പന്നങ്ങൾ കൈമാറുന്നതിന് ധാരണയായിട്ടുണ്ട്. e - NAARM മാർക്കറ്റിംഗ് സംവിധാന മുപയോഗിച്ച് സംസ്ഥാത്തെ 6 വിപണികളിൽ മറ്റു സംസ്ഥാനങ്ങളിലെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കായി എത്തിക്കും. കർഷക ഉത്പാദക കമ്പനികളുടെ ഉത്പന്നങ്ങൾ തിരിച്ചും കൈമാറ്റം ചെയ്യുന്നതിന് ധാരണയായിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റം വൈഗയിലെ പല വേദികളിലായി നടന്നു. തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട് തടം തുറക്കുന്ന യന്ത്രം, തേങ്ങാത്തൊട്ടിൽ, ഇരുന്നുകൊണ്ട് തെങ്ങുകയറുന്ന യന്ത്രം എന്നിവയുടെ സാങ്കേതിക വിദ്യകൾ കാംകോയ്ക്ക് കൈമാറുകയുണ്ടായി. ഇന്ന് രാവിലെ തലമുടിയിൽ നിന്നും ലായനി രൂപത്തിലുള്ള ജൈവവളം നിർമ്മിക്കുന്നതടക്കമുള്ള സാങ്കേതിക വിദ്യകൾ യൂണിവേഴ്സിറ്റി കൈമാറുകയുണ്ടായി.

വിവിധ വിഭാഗങ്ങളിലായി 351 സ്റ്റാളുകളാണ് സജ്ജീകരിച്ചിട്ടുള്ളത്.

| | | |
|---|---|---|
| വകുപ്പ് സ്റ്റാളുകൾ | - | 117 |
| Centre / State Research Institute/ Kerala Agriculture University | - | 72 |
| Public Sector Undertaking | | 38 |
| സ്വകാര്യ സ്ഥാപനങ്ങൾ/സംരംഭകർ | - | 101 |
| പവലിയന് പുറത്തുള്ള സ്റ്റാളുകൾ | - | 23 |

ഇതിൽ സിക്കിം, പഞ്ചാബ്, ജമ്മു & കാശ്മീർ, ഗുജറാത്ത്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 6 സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്.

**സിക്കിം**

1. പൂർണ്ണമായും ജൈവകൃഷി സംസ്ഥാനമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.
2. പല കാർഷിക ഉൽപ്പന്നങ്ങളും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിന്നു തന്നെ ശേഖരിച്ച് ജൈവിക രീതിയിൽ സംസ്ക്കരിച്ച് ഉപയോഗിക്കുന്നു. (ഉദാഹരണമായി ഉണക്കിയ കുമിൾ കാടുകളിൽ നിന്നും ശേഖരിക്കുന്ന ദാഹ ശമിനി, സുഗന്ധ വസ്തുക്കൾ തുടങ്ങിയവ)
3. ഇതിനു പുറമേ വിവിധ തരം ഓർക്കിഡുകളും, വലിയ ഏലക്കായ്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയും വിവിധ ഫല വർഗ്ഗങ്ങളും പ്രദർശിപ്പിച്ചിരിക്കുന്നു.

**കർണ്ണാടക**

1. കർണ്ണാടക ഹോർട്ടിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാളിൽ പൂർണ്ണമായും റോസ്, ജർബറ, ക്രൈസാന്തിമം, ഗ്ലിപ്സോഫില തുടങ്ങിയ പൂക്കളാൽ അലങ്കരിച്ചിരിക്കുന്നു. ഇതിനു പുറമേ പേരക്കയുടെ പുതിയ ഇനവും പച്ച അപ്പിൾബെർ, മാതളം ഇവയും പ്രദർശിപ്പിച്ചിരിക്കുന്നു.
2. പച്ചക്കറികളിൽ ചെറി, ടൊമാറ്റൊ നിറമുള്ള കാപ്സിക്കം, ചൈനീസ് കാബേജ് എന്നിവയും, മാങ്ങയുടെ തെരയും (മാങ്കോബാർ) സ്റ്റാളിൽ ഉണ്ട്.

**ജമ്മു & കാശ്മീർ**

1. ഈ സ്റ്റാളിൽ 10 ഇനത്തിൽപ്പെട്ട ആപ്പിളുകളും, വാൽനട്ട്, ആപ്രിക്കോട്ട്, ആൽമണ്ട് തുടങ്ങിയ പരിപ്പുകളും പ്രദർശിപ്പിച്ചിരിക്കുന്നു.
2. ഇതിനു പുറമേ ഏറ്റവും വിലയേറിയ കാർഷികോത്പന്നങ്ങളിൽ ഒന്നായ കുങ്കുമപ്പൂവ് മൂല്യവർദ്ധനവ് നടത്തി പ്രദർശിപ്പിച്ചിരിക്കുന്നു.

**ഗുജറാത്ത്**

1. ഗുജറാത്തിന്റെ സ്റ്റാളിൽ വാഴയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. ഇവയിൽ ചിപ്സ്, വാഴനാരിൽ നിന്ന് നിർമ്മിച്ച പ്രതിമകൾ, സാനിറ്ററി നാപ്കിൻ എന്നിവ ഒരു വേറിട്ട കാഴ്ചയാണ്.
2. ഇതിനു പുറമേ പെരുംജീരകം, തേൻ, തുടങ്ങിയവയും പ്രദർശനത്തിനുണ്ട്.

പ്രളയാനന്തര കേരളം - പുതിയ ഇടപെടലുകൾ, കാർഷിക മേഖലയിലെ സംരംഭകത്വ വികസനം, നാളികേര മേഖലയിലെ പുനരുദ്ധാരണം, സുഗന്ധ വിളകളുടെ സാദ്ധ്യതകൾ, മൃഗസംരക്ഷണ മേഖലയിലെ മൂല്യവർദ്ധിത സാദ്ധ്യതകൾ, പഴം-പച്ചക്കറി വിഭവങ്ങളിലെ സാദ്ധ്യതകൾ, ജൈവ കൃഷി, വാണിജ്യ കാർഷിക മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് പല വേദികളിലായി വിഷയാവതരണങ്ങൾ നടന്നു.

എല്ലാ ദിവസവും വൈകുന്നേരം 3 മണിക്കൂർ നീണ്ടു നിൽക്കുന്ന കലാ സന്ധ്യ സർക്കാർ ഫണ്ട് ചിലവാക്കാതെ സൗജന്യമായി കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തി വരികയാണ്. ലളിതസംഗീതം, സിംഗിൾ സോംഗ്, ഗ്രൂപ്പ് സോംഗ്, കരോക്കേഗാനം, ഭരതനാട്യം, മോഹിനിയാട്ടം, ക്ലാസിക്കൽ ഡാൻസ്, കഥകളി എന്നിവ ഉദ്യോഗസ്ഥർ അവതരിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം നടനും കലാകാരന്മാരുമായ സുനിൽ സുഗത, ജയരാജ് വാര്യർ എന്നിവരുടെ പ്രത്യേക പരിപാടിയും വേദിയിൽ അരങ്ങേറുകയുണ്ടായി.

ശില്പശാലയിൽ നിന്ന് ലഭിക്കുന്ന വരുമാനം പൂർണ്ണമായി മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാനാണ് തിരുമാനിച്ചിട്ടുള്ളത്. ഇത്തവണ പ്രവേശനത്തിന് ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. 20/- രൂപയാണ് ടിക്കറ്റ് നിരക്ക്. അതേസമയം വിദ്യാർത്ഥികൾക്ക് സ്കൂൾ മുഖാന്തിരം സൗജന്യ പാസ് വിതരണം ചെയ്തിട്ടുണ്ട്.

പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കും ശില്പശാലയും പ്രദർശനവും നടത്തുക.

പ്രിൻസിപ്പൻ ഇൻഫർമേഷൻ ഓഫീസർ

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314